# സാഹിത്യചക്രവാളം

സാഹിത്യ വാർത്താമാസിക

ഫെബ്രുവരി 2017
പുസ്തകം 42 ലക്കം 5

വില: 10.00
വാർഷിക വരിസംഖ്യ 100 രൂപ


## ഉള്ളടക്കം


ഏതു ഫാസിസ്റ്റും പരിഹാസ്യനാകുമ്പോഴാണ് പരാജിതനാകുന്നത് - *എൻ.എസ്.മാധവൻ* 4

തപ്തമനുഷ്യനെ തലോടിയ വാക്കായിരുന്നു സുകുമാർ അഴീക്കോട്
*അബ്ദുൾ സമദ് സമദാനി* 5

ഫാസിസ്റ്റുകൾക്ക് നേരെയുള്ള ചൂണ്ടുവിരലായിരുന്നു സുകുമാർ അഴീക്കോട്
*ഡോ.സെബാസ്റ്റ്യൻ പോൾ* 6

ഒ.എൻ.വി. സൃഷ്ടിച്ചത് അധ്വാനിക്കുന്നവരുടെ സൗന്ദര്യശാസ്ത്രം - *കുരീപ്പുഴ ശ്രീകുമാർ* 7

കേരളത്തിന്റെ സാർവലൗകിക ദർശനം രൂപപ്പെടുത്തിയത് ബുദ്ധദർശനം
*സി. രാധാകൃഷ്ണൻ* 8

സമൂഹത്തിന്റെ വിഴുപ്പ് കുട്ടികൾ പേറുന്ന കാലം - *ഡോ.ഖദീജ മുംതാസ്* 9

കഥാപാത്രങ്ങൾക്ക് പേരിടാൻപോലും ഭയക്കുന്ന കാലം - *വൈശാഖൻ* 10

കഥയിലൂടെ വെളിച്ചം കാണുന്ന ജീവിതനിമിഷങ്ങൾ
*കടത്തനാട്ട് നാരായണൻ* 11

"തർക്കിക്കാതെ ശ്രദ്ധിക്കൂ കവിയുടെ വാക്കുകൾ"*-*വി.കെ. സുബൈദ* 13

സാംസ്കാരിക പ്രതിരോധത്തിന്റെ മാതൃകകൾ
*ഡോ. ധർമ്മരാജ് അടാട്ട്* 20

താരതമ്യസാഹിത്യചിന്തയിലൂടെ
*സൗമ്യ മുരുകേഷ്* 24



**പത്രാധിപസമിതി**

**വൈശാഖൻ**
പ്രസിഡണ്ട്

**ഡോ. കെ.പി.മോഹനൻ**
സെക്രട്ടറി & എഡിറ്റർ

***വിലാസം:***
കേരള സാഹിത്യ അക്കാദമി,
തൃശൂർ 680 020, ഫോൺ : 0487 2331069
E-mail: keralasahityaakademi@gmail.com
Web: keralasahityaakademi.org

**വി. എൻ. അശോകൻ**
സബ് എഡിറ്റർ

**വിനയ്‌ലാൽ, ക്രിയ തൃശൂർ**
കവർ ഡിസൈൻ

**മധു കാര്യാട്ട്**
പ്രൂഫ്


# ഉറങ്ങാതിരിക്കുന്ന വാക്കുകൾ

SREE SANKARACHARYA UNIVERSITY LIBRARY KALADY-683574

ശവകുടീരങ്ങളിൽ ഉറങ്ങുമ്പോഴും എഴുത്തുകാരന്റെ വാക്ക്, സമൂഹത്തിന് കാവലായ് ഉറങ്ങാതിരിക്കുന്നു. കേരളജനതയുടെ ആത്മാഭിമാനത്തിന്റെ മൂർത്തിമദ്ഭാവമായ ഒ.എൻ.വി.യുടെ കവിതകൾ മനുഷ്യത്വത്തിനും മലയാൺമക്കും മുറിവേൽക്കപ്പെടുന്ന നേരങ്ങളിൽ ഔഷധലേപനമായി മാറി. എല്ലാവിധ അധിനിവേശങ്ങൾക്കുമെതിരെ സാംസ്കാരികപ്രതിരോധം തീർത്ത ഒ.എൻ.വി.കവിത കീഴാളജീവിതത്തിന്റെ ഉൾത്തുടിപ്പുകൾ നെഞ്ചേറ്റുവാങ്ങി. സമകാലികതയോട് സംവദിക്കാൻ ഭാരതീയ പൗരാണികസംസ്കൃതിയെ സർഗസ്വാതന്ത്ര്യത്തോടെ അഴിച്ചുപണിതു. നിസ്വവർഗത്തിന്റെ പക്ഷത്ത് നിലയുറപ്പിച്ചു. ഒ.എൻ.വിയുടെ ഒന്നാം ചരമവാർഷികദിനത്തിൽ കേരള സാഹിത്യ അക്കാദമി ചവറ വികാസ് കലാസാംസ്കാരികസമിതിയുടെ സഹകരണത്തോടെ ഒ.എൻ.വി.യുടെ ജന്മദേശമായ ചവറയിൽ സംഘടിപ്പിച്ച രണ്ട് ദിവസം നീണ്ട അനുസ്മരണപരിപാടികൾ ആസ്വാദകരുടെ പങ്കാളിത്തംകൊണ്ട് അവിസ്മരണീയമായി.

കേരളീയപൊതുമണ്ഡലത്തെ ധൈഷണികമായും സാംസ്കാരികമായും ഉണർത്തിനിർത്തിയ സാഹിത്യാചാര്യൻ ഡോ.സുകുമാർ അഴീക്കോടിന്റെ അഞ്ചാം ചരമവാർഷികദിനത്തിൽ സാഹിത്യ അക്കാദമി എരവിമംഗലത്ത് അഴീക്കോട് സ്മാരകത്തിലും അക്കാദമി ഹാളിലും സ്മരണാഞ്ജലി ഒരുക്കി. കേരളത്തിന്റെ നൈതികജാഗ്രതയും സാംസ്കാരികമനസാക്ഷിയുമായിരുന്ന അഴീക്കോട് മാഷിന് അക്കാദമി ഒരുക്കിയ അനുസ്മരണം ഏറെ ശ്രദ്ധേയമായി.

പഴകി ജീർണ്ണിച്ച ഇന്ത്യൻ സാമൂഹ്യവ്യവസ്ഥയോട് സാധാരണജനതയുടെ പക്ഷത്തുനിന്നുകൊണ്ട് തീവ്രമായി കലഹിച്ച വി.കെ.എന്റെ 13-ാം ചരമവാർഷികദിനം തിരുവില്വാമല ഗ്രാമപഞ്ചായത്തിന്റെ സഹകരണത്തോടെ തിരുവില്വാമല വി.കെ.എൻ.സ്മാരകത്തിൽവെച്ച് ആചരിക്കുകയുണ്ടായി. ഇരയാക്കപ്പെടുന്നവരുടെ വൈകാരികാവസ്ഥകൾ ചിരിയിലും ചിന്തയിലും പൊതിഞ്ഞ് ഐതിഹാസികമായി ആവിഷ്ക്കരിച്ച വി.കെ.എൻ.സാഹിത്യം ജനകീയവും മൂല്യവത്തും വിമോചനാത്മകവുമായ ഒരു ഭാവുകത്വം സൃഷ്ടിച്ചു. വി.കെ.എന്റെ കാലികപ്രസക്തി കണ്ടെടുക്കുന്നതായിരുന്നു അക്കാദമി ഒരുക്കിയ അനുസ്മരണം.

നാടകാഭിനിവേശത്തിന്റെ സാർത്ഥകമായ ദിനരാത്രങ്ങൾ കേരളത്തിന് സമ്മാനിച്ച ഇറ്റ്ഫോക്കിന്റെ സംഘാടനത്തിൽ സാഹിത്യ അക്കാദമി സജീവമായി പങ്കുചേർന്നു. അക്കാദമി അങ്കണത്തിൽ ഒരുക്കിയ നാടക സെമിനാറുകൾ ഉദ്ഘാടനംചെയ്തത് ഇന്ത്യയിലെ പ്രശസ്തനായ സാമൂഹ്യശാസ്ത്രജ്ഞൻ ഡോ.ശിവ വിശ്വനാഥ് ആണ്. ഇന്ത്യക്കകത്തും പുറത്തുമുള്ള നാടകപ്രതിഭകളുടെ സാന്നിദ്ധ്യംകൊണ്ട് ദീപ്തമായിരുന്നു സെമിനാറുകൾ. കോഴിക്കോട് നടന്ന എം.ടി.സാഹിത്യോത്സവത്തിൽ അക്കാദമി ഒരുക്കിയ സെമിനാറുകളും ഏറെ ശ്രദ്ധേയമായി. അക്കാദമിയും ഡയറ്റ് തൃശൂരും സംയുക്തമായി സംഘടിപ്പിച്ച സാഹിത്യപാഠം ഏകദിനശില്പശാലയിൽ നൂറോളം ഭാഷാധ്യാപകർ പ്രതിനിധികളായി പങ്കെടുത്തു. ഉദാത്തമായ സാഹിത്യകൃതികൾ പഠിക്കുന്നതിലൂടെ വിദ്യാർത്ഥികളിൽ മാനസികസംസ്കരണം സാധ്യമാണ്. അതിനു വേണ്ടി അധ്യാപകരെ പരിശീലിപ്പിക്കുവാനുള്ള സാർത്ഥകമായ ശ്രമമാണ് സാഹിത്യപാഠം.

വാക്കുകളെയും ആശയങ്ങളെയും സമൂഹമധ്യത്തിൽ അവതരിപ്പിക്കുന്നതിലൂടെ, കേരളീയപൊതുമണ്ഡലത്തെ ചലനാത്മകമാക്കുന്ന നിരവധി പരിപാടികൾ അക്കാദമി ആവിഷ്ക്കരിച്ചു നടപ്പിലാക്കി വരികയാണ്. സഹൃദയലോകത്തിന്റെ ആത്മാർത്ഥമായ സഹകരണം അക്കാദമിക്കൊപ്പം എപ്പോഴുമുണ്ട്.

ഡോ. കെ.പി.മോഹനൻ
എഡിറ്റർ
(സെക്രട്ടറി, കേരള സാഹിത്യ അക്കാദമി)

Printed & Published by Dr. K.P. Mohanan on behalf of Kerala Sahitya Akademi, Thrissur - 680 020, and printed at Carmel Printers, Thrissur for Santhibhavan Press, Kannamkulangara, Thrissur, Kerala and Published at Thrissur, Thrissur District, Kerala State. Editor : Dr. K.P. Mohanan